"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - തലസ്ഥാന നഗര വികസന പദ്ധതി - പട്ടം - കവടിയാർ റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് ഫയൽ ചെയ്ത എൽ.എ.ആർ. 515/2008 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുക നൽകുന്നത് - ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ആർ.ഇ) വകുപ്പ്**

**സ.ഉ.(സാധാ) നം.1459/2024/LSGD തീയതി, തിരുവനന്തപുരം, 06-08-2024**

---

പരാമർശം:-

1. ബഹു. തിരുവനന്തപുരം സബ്കോടതിയുടെ എൽ.എ.ആർ. 515/2008 നമ്പർ കേസിന്മേലുള്ള 30/03/2013 തീയതിലെ വിധിന്യായം.
2. സ.ഉ.(പി) നം.32/2019/ധന തീയതി 18/03/2019
3. തിരുവനന്തപുരം ജില്ലാ കളക്ടറുടെ 31/01/2024 തീയതിയിലെ കെ18/480873/2022 നമ്പർ നടപടിക്രമം.
4. സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റിയുടെ 01/04/2024 തീയതിയിലെ എ3/571/2024/ട്രിഡ നം. കത്ത്.

**ഉത്തരവ്**

തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡ് വികസനത്തിനായി പൊന്നുംവില നടപടിക്രമത്തിലൂടെ ഭൂമി ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് സ്ഥലം ഉടമ ശ്രീ. രാമചന്ദ്രൻ നായർ ഫയൽ ചെയ്ത എൽ.എ.ആർ. 515/2008 നമ്പർ കേസിന്റെ ബാലൻസ് വിധിക്കടത്തുകയായ 4,36,890/- രൂപ (നാല് ലക്ഷത്തി മുപ്പത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ് രൂപ മാത്രം) കക്ഷിക്ക് അനുവദിക്കണമെന്ന് പരാമർശം (4) പ്രകാരം സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി അഭ്യർത്ഥിച്ചിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. തലസ്ഥാന നഗര വികസന പദ്ധതിയുടെ ഭാഗമായി പട്ടം - കവടിയാർ റോഡ് വികസനത്തിനായി തിരുവനന്തപുരം താലൂക്കിൽ കവടിയാർ വില്ലേജിൽ സർവ്വേ നം. 1736/9 (L.A. Sy. No. 205)-ൽ ഉൾപ്പെട്ട 0.05 ആർസ് ഭൂമി പൊന്നുംവില നടപടിക്രമത്തിലൂടെ ഏറ്റെടുത്തതുമായി ബന്ധപ്പെട്ട് സ്ഥലം ഉടമ ശ്രീ. രാമചന്ദ്രൻ നായർ ഫയൽ ചെയ്ത എൽ.എ.ആർ. 515/2008 നമ്പർ കേസിന്റെ പരാമർശം (1) വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ പരാമർശം (3) പ്രകാരം തിരുവനന്തപുരം ജില്ലാ കളക്ടർ തയ്യാറാക്കിയ കണക്കുവിവരപ്പട്ടികയുടെ അടിസ്ഥാനത്തിലുള്ള ബാലൻസ് വിധിക്കടത്തുകയായ 4,36,890/- രൂപ (നാല് ലക്ഷത്തി മുപ്പത്തിയാറായിരത്തി എണ്ണൂറ്റി തൊണ്ണൂറ്

രൂപ മാത്രം) '4217-60-800-93-Payment of Compensation in LAR Cases' എന്ന ശീർഷകത്തിൽ നിന്നും കക്ഷിയായ ശ്രീ. രാമചന്ദ്രൻ നായർക്ക് (റ്റി.സി.നം. 3/2708, മരപ്പാലം, പട്ടം പി.ഒ. തിരുവനന്തപുരം) അനുവദിക്കുന്നതിന് ഭരണാനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

JAYAKUMARI P

**ജോയിന്റ് സെക്രട്ടറി**

സെക്രട്ടറി, തിരുവനന്തപുരം വികസന അതോറിറ്റി, തിരുവനന്തപുരം.
ജില്ലാ കളക്ടർ, തിരുവനന്തപുരം.
ശ്രീ. രാമചന്ദ്രൻ നായർ, റ്റി.സി.നം.3/2708, മരപ്പാലം, പട്ടം പി.ഒ. തിരുവനന്തപുരം (ജില്ലാ കളക്ടർ മുഖേന).
സ്പെഷ്യൽ ഓഫീസർ, സി.ആർ.ഡി.പി., തിരുവനന്തപുരം.
ഡെപ്യൂട്ടി കളക്ടർ (എൽ.എ.) തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, കുടപ്പനക്കുന്ന്, തിരുവനന്തപുരം.
നിയമവകുപ്പ് (OPN-D3/108/2024-LAW dated 28/06/2024)
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
ഐ & പി.ആർ.ഡി. (വെബ് & ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ ഓഫീസ് കോപ്പി (RE1/125/2024/LSGD)

ഉത്തരവിൻ പ്രകാരം
Signed by
Biju. B
Date: 06-08-2024 18:49:57
സെക്ഷൻ ഓഫീസർ